# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ഡയറക്ടർ (എ&എഫ്)ന്റെ നടപടിക്രമം

(ഹാജർ: ശ്രീമതി ആശാ വർഗ്ഗീസ്)

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) - സംസ്ഥാന-ജില്ലാ മിഷനുകളിലെ കരാർ ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന:- 1) 17/03/2020 ലെ ഇതേ നമ്പർ പരിപത്രം
2) 23/03/2020 ലെ ഇതേ നമ്പർ പരിപത്രം

**ഉത്തരവ് നമ്പർ 2431/ഇ2/2020/കെഎസ്എച്ച്ഒ തീയതി 20/04/2020**

കുടുംബശ്രീയിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതും 31/03/2020 ന് കരാർ കാലാവധി അവസാനിക്കുന്ന എല്ലാ ജീവനക്കാരും കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് താൽപ്പര്യമുള്ള പക്ഷം രേഖാമൂലമുള്ള അപേക്ഷയും, പെർഫോമൻസ് അപ്രൈസൽ ഫോമും ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർക്ക് 2020 മാർച്ച് 20 ന് മുമ്പും സംസ്ഥാന മിഷനിൽ 30/03/2020 നു മുമ്പും സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആഗോള മഹാമാരിയായ കോവിഡ് -19 പടർന്ന് പിടിക്കുന്നതിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പൂർണ്ണ അടച്ചിടൽ (Lock Down) പ്രഖ്യാപിച്ചതിനെ തുടർന്ന് അപേക്ഷയും, പെർഫോമൻസ് അപ്രൈസൽ ഫോമും ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർക്ക് സമർപ്പിക്കുന്നതിനുള്ള തീയതി 2020 ഏപ്രിൽ 20 ലേയ്ക്കും സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ട തീയതി 2020 ഏപ്രിൽ 30 വരെയായും ദീർഘിപ്പിക്കുകയുണ്ടായി.

ഇന്ത്യയിൽ അടച്ചിടൽ (Lock Down) കാലാവധി 2020 മെയ് 3 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാർക്ക് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് താൽപ്പര്യമുള്ള പക്ഷം രേഖാമൂലമുള്ള അപേക്ഷയും, പെർഫോമൻസ് അപ്രൈസൽ ഫോമും യഥാസമയം സംസ്ഥാന മിഷനിൽ ലഭ്യമാക്കാൻ കഴിയില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും നിയമനം നൽകിയിട്ടുള്ള എല്ലാ കരാർ ജീവനക്കാരുടെയും (നഗരസഭ/കോർപ്പറേഷനുകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാർ ഉൾപ്പെടെ) കരാർ കാലാവധി 2020 ജൂൺ 30 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും നിയമനം നൽകിയിട്ടുള്ള എല്ലാ കരാർ ജീവനക്കാരും (നഗരസഭ/കോർപ്പറേഷനുകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാർ ഉൾപ്പെടെ) കരാർ ദീർഘിപ്പിക്കുന്നതിന് താൽപ്പര്യമുള്ള പക്ഷം, രേഖാമൂലമുള്ള അപേക്ഷ, 2020 മാർച്ച് 31 വരെയുള്ള പെർഫോമൻസ് അപ്രൈസൽ എന്നിവ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർക്ക് സമർപ്പിക്കുന്നതിനുള്ള തീയതി 2020 മെയ് 20 ആയും, റിപ്പോർട്ടിംഗ് ഓഫീസർ രേഖാമൂലം ലഭ്യമാകുന്ന അപ്രൈസൽ ഫോമുകൾ കൃത്യമായി പരിശോധിച്ച് വ്യക്തമായ ശുപാർശ രേഖപ്പെടുത്തി റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുന്നതിനുള്ള തീയതി 2020 മെയ് 25 ആയും, റിവ്യൂവിംഗ് ഓഫീസർ അപ്രൈസൽ റിവ്യൂ ചെയ്ത് പ്രത്യേക ദൂതൻ മുഖാന്തിരം

ജില്ലയിലെ മുഴുവൻ അപ്രൈസൽ ഫോമുകളും സംസ്ഥാന മിഷനിൽ നേരിട്ട് സമർപ്പിക്കുന്നതിനുള്ള തീയതി 30/05/2020 ആയും ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതോടൊപ്പം കുടുംബശ്രീ സംസ്ഥാന മിഷനിലെ മുഴുവൻ കരാർ ജീവനക്കാരും കരാർ കാലാവധി ദീർഘിപ്പിക്കാൻ താൽപ്പര്യമുള്ള പക്ഷം, അപേക്ഷയും പെർഫോമൻസ് അപ്രൈസലും സമർപ്പിക്കേണ്ട (എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ) തീയതി 20/05/2020 ആയി ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ജില്ലാ മിഷൻ കോർഡിനേറ്റർ മുഖാന്തിരം നിയമിതരായിട്ടുള്ള എസ്.റ്റി/എൽഡേർലി ആനിമേറ്റർമാർ, കോർഡിനേറ്റർ, എം.റ്റി.പി, കമ്മ്യൂണിറ്റി ഓർഗനൈസർ തുടങ്ങിയ വിവിധ ജീവനക്കാരുടെ കരാർ കാലാവധി 2020 മാർച്ച്, ഏപ്രൽ മാസങ്ങളിൽ അവസാനിക്കുന്ന പക്ഷം ടി ജീവനക്കാരുടെ കരാർ കാലാവധി 2020 ജൂൺ 30 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും, ടി ജീവനക്കാരിൽ നിന്നും കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയും, പെർഫോമൻസ് അപ്രൈസൽ ഫോമും സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 30/05/2020 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും ജില്ലാ മിഷൻ കോർഡിനേറ്റർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഡയറക്ടർ (എ & എഫ്)
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

1. എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, എൻ.ആർ.ഒ (എസ്.റ്റി പ്രോജക്ട് ഇൻചാർജ്ജ്)
4. സംസ്ഥാന മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക്
5. ജില്ലാ മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡി.എം.സി. മുഖേന)

പകർപ്പ്
വെബ്സൈറ്റ്
കരുതൽ / അധികം

**ഉത്തരവിൻ പ്രകാരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**